**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 131** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>എം.വി.ഡി. സേവാ കേന്ദ്രങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. എസ്. ജോയി

ശ്രീ. സജീവ് ജോസഫ്

ശ്രീ. കെ. ജയന്ത്

ശ്രീ. കെ. പി. നൗഷാദ് അലി

ശ്രീ. സി. പി. ജോൺ

(ഗതാഗത വകുപ്പ് മന്ത്രി)

**(എ)** പാസ്പോർട്ട് സേവാ കേന്ദ്രങ്ങളുടെ മാതൃകയിൽ മോട്ടോർ വാഹന വകുപ്പിൽ എം.വി.ഡി. സേവാ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് പദ്ധതിയുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

**<u>മറുപടി:</u>** മോട്ടോർ വാഹന വകുപ്പ് നൽകി വരുന്ന സേവനങ്ങൾ ആധുനികവൽക്കരിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും വേണ്ടി, പാസ്പോർട്ട് സേവാ കേന്ദ്രങ്ങളുടെ മാതൃകയിൽ സംസ്ഥാനത്തുടനീളം “എം.വി.ഡി സേവാ കേന്ദ്രങ്ങൾ" സ്ഥാപിക്കുന്നതിനായി ഗതാഗത കമ്മീഷണർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്. കേരള മോട്ടോർ വാഹന വകുപ്പ് ജനങ്ങൾക്ക് നൽകുന്ന ഡ്രൈവിംഗ് ലൈസൻസ്, വാഹന രജിസ്ട്രേഷൻ, നികുതി അടയ്ക്കൽ, പെർമിറ്റ്, ഇ-ചലാൻ എന്നിവ ഉൾപ്പെടെയുള്ള വിവിധ സേവനങ്ങൾ കൂടുതൽ വേഗത്തിലും സുതാര്യമായും പൊതുജനങ്ങൾക്ക് ലഭ്യമാകുന്നതിന് PPP മാതൃകയിലോ അക്ഷയ കേന്ദ്രങ്ങൾ/CSC കേന്ദ്രങ്ങൾ എന്നിവയുമായി സംയോജിപ്പിച്ചോ പദ്ധതി നടപ്പിലാക്കുന്നതിനാണ് പ്രൊപ്പോസൽ വിഭാവനം ചെയ്യുന്നത്.

**(ബി)** എം.വി.ഡി. സേവാ കേന്ദ്രങ്ങൾ വഴി ലഭ്യമാക്കുന്ന സേവനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

**<u>മറുപടി:</u>** എം.വി.ഡി. സേവാ കേന്ദ്രങ്ങളിലൂടെ ഡ്രൈവിംഗ് ലൈസൻസ്, വാഹന രജിസ്ട്രേഷൻ, നികുതി, പെർമിറ്റ് , ഇ-ചലാൻ, പൊതുജന പരാതി പരിഹാര സഹായം, ഡിജിറ്റൽ അസിസ്റ്റൻസ് എന്നിവ സംബന്ധിച്ച സേവനങ്ങൾ നൽകുന്നതിനുള്ള സാധ്യതയാണ് പരിശോധിച്ചു വരുന്നത്.

**(സി)** മോട്ടോർ വാഹന വകുപ്പിലെ സേവനങ്ങളെല്ലാം ഓൺലൈൻ മുഖേന ലഭ്യമാണെങ്കിലും അപേക്ഷ നൽകുന്നതിലുൾപ്പെടെയുള്ള സങ്കീർണതകൾ ഇടനിലക്കാർ മുതലെടുക്കുന്നു എന്ന പരാതികൾ പരിഹരിക്കാൻ എന്തെല്ലാം പദ്ധതികൾ ആവിഷ്കരിക്കും എന്നറിയിക്കുമോ?

**<u>മറുപടി:</u>** ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കുവാനായി മോട്ടോർ വാഹന വകുപ്പിന്റെ നിയന്ത്രണത്തിൽ തന്നെ കുടുംബശ്രീയുടെ സഹായത്തോടെ പൊതുജനങ്ങൾക്ക് ഓൺലൈനിൽ അപേക്ഷകൾ തയ്യാറാക്കുന്നതിനും ഇ-പേയ്മെന്റ് നടത്തുന്നതിനുമുള്ള ഇ-സേവാ കേന്ദ്രങ്ങൾ 47

RTO/SRTO-കളിൽ നിലവിൽ പ്രവർത്തിച്ചു വരുന്നുണ്ട്. പാസ്പോർട്ട് സേവാ കേന്ദ്രങ്ങളുടെ മാതൃകയിൽ "എം.വി.ഡി. സേവാ കേന്ദ്രങ്ങൾ " സ്ഥാപിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

**സെക്ഷൻ ഓഫീസർ**